കരിയർ ഗൈഡൻസ് പദ്ധതി

57 (5128) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വകുപ്പിലെ കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ പരാമർശം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം പരാമർശങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(സി) എ.ജി. നടത്തിയ കണ്ടെത്തലുകൾ സംബന്ധിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഹയർസെക്കന്ററി വകുപ്പിലെ കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് 2014-15 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാദേശിക പരിശോധനാവേളയിൽ ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു. ട്രെയിനിംഗ് ആവശ്യങ്ങളുടെ വിശകലനം നടത്തിയിട്ടില്ല, ചില പരിപാടികൾ നടപ്പാക്കിയില്ല, ദൂരപരിധി കണക്കാക്കാതെ താമസസൗകര്യം ഏർപ്പെടുത്തി, പങ്കെടുത്ത പരിശീലനാർത്ഥികളുടെ എണ്ണത്തിൽ കൂടുതൽ പേർക്ക് ഭക്ഷണത്തിനും താമസത്തിനും സൗകര്യമേർപ്പെടുത്തി, മുൻകൂർ തുകകൾ ക്രമപ്പെടുത്തുന്നതിൽ വന്ന കാലതാമസത്തിന് പലിശ ഈടാക്കണം, ലോഗ്ബുക്കിലെ രേഖപ്പെടുത്തലിൽ വന്ന അപാകതകൾ എന്നിവ സംബന്ധിച്ച പരാമർശങ്ങളാണ് ഓഡിറ്റ് അന്വേഷണങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) മേൽ പരാമർശിച്ചിട്ടുള്ള ഓഡിറ്റ് അന്വേഷണങ്ങളിലെ തടസ്സ വാദങ്ങൾ ഒഴിവാക്കിക്കിട്ടുന്നതിന് ബന്ധപ്പെട്ടരേഖകൾസഹിതം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അക്കൗണ്ടന്റ് ജനറലിന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഈ വിഷയം സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് നിലവിലുള്ള ചട്ടങ്ങളനുശാസിക്കുന്ന പ്രകാരം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly